# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 2351          07.02.2019 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം**

**ചോദ്യം**          **ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എല്ലാ ട്രഷറികളെയും ഇത്തരത്തിൽ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വിവിധ തരത്തിലുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംവിധാനത്തിലൂടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റും പൗരന്മാരുടെ സാമ്പത്തിക ഇടപാടുകളും നിർവ്വഹിക്കാൻ പര്യാപ്തമായ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ലഭ്യമായ ട്രഷറികൾക്ക് ഇതിനനുസരിച്ചുള്ള അടിസ്ഥാനസൗകര്യങ്ങളും ഇടപാടു സൗഹൃദ അന്തരീക്ഷവും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് ട്രഷറികളുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികൾക്കും അടിസ്ഥാന സൗകര്യ അപര്യാപ്തതയുള്ള ട്രഷറികൾക്കും ആധുനിക സൗകര്യങ്ങളോടെയുള്ള സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നു. ഈ പുതിയ കെട്ടിടങ്ങളിലെല്ലാം ഇടപാടു സൗഹൃദമായ എല്ലാവിധ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്.<br>വിവിധതരത്തിലുള്ള ഫോമുകളുടെ വിതരണത്തിനും, പാസ്സ് ബുക്ക് പതിക്കുന്നതിനും മറ്റ് സേവനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനും ഫ്രണ്ടോഫീസ് കൗണ്ടറുകൾ എല്ലാ ട്രഷറികളിലും സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 58 ട്രഷറികളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു. |

| | | |
|---|---|---|
| | | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കസ്റ്റമർ ലോഞ്ച് നിലവിലുണ്ടെങ്കിലും 98 ട്രഷറികളിൽ ആയത് അപര്യാപ്തമാണെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് ആവശ്യമായ ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം, ഫാനുകൾ, ടോയിലെറ്റുകൾ, ടെലിവിഷൻ സെറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ വയോജന സൗഹൃദമായ രീതിയിൽ ട്രഷറികൾ മാറ്റുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. പ്രായാധിക്യം മൂലം ബുദ്ധിമുട്ടുന്ന ഇടപാടുകാർക്കും, പ്രത്യേകിച്ച് പെൻഷൻകാർക്ക് പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ട്രഷറി അടിസ്ഥാന വികസന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഇൻകെൽ എന്ന കമ്പനിയെയാണ് അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനു പുറമെ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേനയും ട്രഷറി കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനും പ്രോജക്ട് അംഗീകരിച്ച് നിർവ്വഹിച്ചു വരുന്നുണ്ട്. |
| (ബി) | ട്രഷറികളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടത്താത്തതെന്ന് അറിയിക്കുമോ? | മാന്വൽ രീതിയിലുള്ള ബിൽ സമർപ്പണം, ചെലാൻ സ്വീകരിക്കൽ, ബില്ലുകൾ പാസാക്കി പണം നേരിട്ട് ഇടപാടുകാർക്ക് നൽകുന്ന രീതി എന്നിവ അനുവർത്തിച്ചിരുന്ന കാലത്താണ് ട്രഷറികളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിച്ചത്. 2008 ജനുവരി 15-നാണ് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും തുടർന്ന് 2008 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയുമുണ്ടായി. |

**സെക്ഷൻ ഓഫീസർ**